പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 738** **14-10-2026-ൽ മറുപടിയ്ക്ക്**

**2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നിലമ്പൂരിലെ ആദിവാസി ഉന്നതികളിലെ കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** 2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നിലമ്പൂരിലെ ആദിവാസി ഉന്നതികളായ വാണിയമ്പുഴ, തണ്ടങ്കല്ല്, പുലിമുണ്ട, മുണ്ടക്കടവ് എന്നീ പ്രദേശങ്ങളിലെ ആദിവാസി കുടുംബങ്ങളിലെ ഭൂരിപക്ഷം പേർക്കും സർക്കാർ സ്ഥലം അനുവദിച്ചുവെങ്കിലും വീട് അനുവദിച്ച നൽകാത്തതുമൂലം ഇപ്പോഴും പ്ലാസ്റ്റിക് ഷീറ്റുകളിൽ കഴിയുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങൾക്ക് വീട് അനുവദിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** 2019-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട നിലമ്പൂരിലെ വാണിയമ്പുഴ, തണ്ടൻകല്ല്, പുലിമുണ്ട, മുണ്ടക്കടവ്, എന്നീ ഉന്നതികളിലെ പുനരധിവാസവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

വാണിയമ്പുഴ, തരിപ്പപ്പൊട്ടി ഉന്നതി

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ മുണ്ടേരി അഗ്രികൾച്ചറൽ ഫാമിനോട് ചേർന്ന് ചാലിയാർ പുഴയുടെ മറുകരയിൽ വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന വാണിയമ്പുഴ, തരിപ്പപ്പൊട്ടി ഉന്നതികളിലെയും, ചാലിയാർ പുഴയുടെ ഇക്കരയിലുള്ള തണ്ടൻകല്ല് ഉന്നതിയിലെയും നിവാസികളിൽ പലരും 2019 ലെ പ്രളയത്തെ തുടർന്ന് വനത്തിനകത്തെ ഉയർന്ന പ്രദേശങ്ങളിലേക്ക് മാറി താമസിച്ചിരുന്നു. വാണിയമ്പുഴ ഉന്നതിയിലെയും തരിപ്പപ്പൊട്ടി ഉന്നതിയിലെയും 41 കുടുംബങ്ങൾക്കും മുമ്പ് വ്യക്തിഗത വനാവകാശം അനുവദിച്ചിരുന്നു. പ്രളയാനന്തരം നിലവിൽ താമസിക്കുന്ന ഭൂമി തന്നെ

അനുവദിക്കണമെന്നാവശ്യപ്പെട്ട് കുടുംബങ്ങൾ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ജില്ലാ തല കമ്മിറ്റി (DLC) യോഗത്തിന്റെ തീരുമാനപ്രകാരം കുടുംബങ്ങൾക്ക് നിലവിൽ താമസിക്കുന്ന ഭൂമിയിൽ മുമ്പ് വനാവകാശമായി അനുവദിച്ചിരുന്ന അതേ അളവിൽ 39 കുടുംബങ്ങൾക്ക് ഭൂമിക്ക് വനാവകാശം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2 കുടുംബങ്ങളുടെ നിയമാനുസൃത അവകാശികൾക്ക് ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വാണിയമ്പുഴ ഉന്നതിയിൽ TRDM മുഖേന കൈവശ രേഖ നൽകി പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ആകെ 2,46,00,000/- (രണ്ട് കോടി നാൽപ്പത്തിയാറ് ലക്ഷം രൂപ) അനുവദിക്കുന്നതിന് TRDM സ്പെഷ്യൽ ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

തണ്ടൻകല്ല് ഉന്നതി

തണ്ടൻകല്ല് ഉന്നതിയിൽ ആകെ 33 കുടുംബങ്ങളാണുള്ളത്. ഇതിൽ 4 കുടുംബങ്ങൾക്ക് ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ നെല്ലിപ്പൊയിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 29 കുടുംബങ്ങളിൽ 8 വീടുകൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കാവുന്നതാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതു വകുപ്പിന്റെ SAFE പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. പയ്യനിത്തോട് പ്രദേശത്തോടു ചേർന്ന് കിടക്കുന്ന 9 വീടുകൾ താമസ യോഗ്യമല്ല എന്ന് ജിയോളജി വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ശേഷിക്കുന്ന 21 കുടുംബങ്ങൾക്ക് തണ്ടൻകല്ലിൽ നിലവിൽ ലഭ്യമായ സ്ഥലത്ത് തന്നെ പുതിയ വീടുകൾ അനുവദിക്കാൻ കഴിയുമോയെന്നുള്ളതും, കൂടാതെ വനാവകാശ പ്രകാരം അധിക ഭൂമി ലഭിക്കുന്നതിന്റെ സാധ്യതയും, ലാൻഡ് ബാങ്ക് പദ്ധതിയിൽ ഭൂമി അനുവദിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചുവരികയാണ്.

<u>പുലിമുണ്ട-മുണ്ടക്കടവ് ഉന്നതി</u>

കരുളായി ഗ്രാമപഞ്ചായത്തിലെ പുലിമുണ്ട-മുണ്ടക്കടവ് ഉന്നതിയിൽ 2019-ലെ പ്രളയത്തിൽ വീടുകൾ വാസയോഗ്യമല്ലാതായതിനെ തുടർന്ന് ആകെ 78 കുടുംബങ്ങളിൽ 53 കുടുംബങ്ങൾ കാഞ്ഞിരക്കടവിലും 25 കുടുംബങ്ങൾ വട്ടിക്കല്ലിലും ഷെഡുകൾ നിർമ്മിച്ച് താമസിച്ചിരുന്നു.

കാഞ്ഞിരക്കടവിൽ താമസിച്ചിരുന്ന 53 കുടുംബങ്ങൾ നിലവിൽ താമസിക്കുന്ന ഭൂമി അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് വിധിയുണ്ടായി. ആയതിൻ പ്രകാരം 26 പേർക്ക് വനാവകാശ പ്രകാരം ഭൂമി നൽകുകയും ശേഷിക്കുന്നവർക്കു ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ആയതിൽ നിലവിൽ 18 കുടുംബങ്ങൾ പി.എം.എ.വൈ ഭവന നിർമ്മാണത്തിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. വട്ടിക്കല്ലിൽ താമസിച്ചിരുന്ന 25 കുടുംബങ്ങൾ പിന്നീട് മുണ്ടക്കടവ് ഉന്നതിയിലേക്ക് മടങ്ങിയെത്തി പഴയ വീടുകളിൽ താമസം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും ലഭ്യമാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും പട്ടിക വർഗ വികസന വകുപ്പ്, റവന്യൂ വകുപ്പ്, വനം വകുപ്പ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**